പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5129 27.06.2019 ൽ മറുപടിക്ക്

## ആർദ്രം മിഷന്റെ ഭാഗമായി താലൂക്ക് ആശുപത്രികളിലെ സൗകര്യങ്ങൾ

| ചോദ്യം<br>ശ്രീ.കെ. ദാസൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആർദ്രം മിഷന്റെ ഭാഗമായി എത്ര താലൂക്ക് ആശുപത്രികളെയാണ് ഉൾപ്പെടുത്തിയത്; | (എ) | താലൂക്ക് ആശുപത്രിയുടെ പട്ടികയിൽ ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 75 ആശുപത്രികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. 2018-19 ൽ നിശ്ചിത സൗകര്യങ്ങളോടെയുള്ള വികസന പ്രവർത്തനങ്ങൾക്കായി 28 സ്ഥാപനങ്ങളെ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആശുപത്രികളിൽ എന്തൊക്കെ സേവനങ്ങളാണ് പുതുതായി ഉറപ്പുവരുത്തുന്നത്; വിശദീകരിക്കാമോ; | (ബി) | ടി ആശുപത്രികളിൽ മാനദണ്ഡമനുസരിച്ച് തസ്തികകൾ സൃഷ്ടിക്കൽ, സ്പെഷ്യാലിറ്റി സേവനം ഏർപ്പെടുത്തുക, അടിസ്ഥാന സൗകര്യ വികസനം, ഒ.പി ട്രാൻസ്ഫർമേഷൻ സൗകര്യം മുതലായ സേവനങ്ങളാണ് ഏർപ്പെടുത്തുന്നത്. |
| (സി) | ആർദ്രം മിഷന്റെ ഭാഗമായി എത്ര തസ്തികകളാണ് പ്രസ്തുത താലൂക്ക് ആശുപത്രികളിൽ പുതുതായി സൃഷ്ടിച്ചത്; വിശദമാക്കാമോ; | (സി) | ആർദ്രം മിഷന്റെ ഭാഗമായി പ്രസ്തുത താലൂക്കാശുപത്രികളിലായി 431 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. |
| (ഡി) | കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ ഇതിന്റെ ഭാഗമായി എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; അവ ഏതൊക്കെയാണെന്ന് അറിയിക്കുമോ? | (ഡി) | കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ ആർദ്രം പദ്ധതി പ്രകാരം സൃഷ്ടിച്ച തസ്തികകൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം. | തസ്തികകൾ | എണ്ണം |
|---|---|---|
| 1 | ജൂനിയർ കൺസൾട്ടന്റ് (ഓർത്തോ) | 1 |
| 2 | കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | 2 |
| 3 | ഇ.സി.ജി ടെക്നീഷ്യൻ | 1 |
| 4 | മെഡിക്കൽ റിക്കോർഡ് ലൈബ്രേറിയൻ | 1 |
| 5 | സ്റ്റാഫ് നഴ്സ് | 2 |

സെക്ഷൻ ഓഫീസർ